# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4111 16.12.2014-ൽ മറുപടിക്ക്

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. കെ. അജിത്

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന
നിർമ്മാണവും വകുപ്പു മന്ത്രി

## റവന്യൂ കമ്മിയുടെ വർദ്ധനവ്

<table>
<tr>
<td>(എ)</td>
<td>2011-12, 2012-13, 2013-14 വർഷങ്ങളിൽ സർക്കാർ പ്രതീക്ഷിച്ചിരുന്ന റവന്യൂ കമ്മിയും യഥാർത്ഥ റവന്യൂ കമ്മിയും എത്ര വീതമായിരുന്നു എന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;</td>
<td>2011-12 മുതൽ 2013-14 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റു പ്രകാരം പ്രതീക്ഷിച്ച റവന്യൂ കമ്മി, യഥാർത്ഥ റവന്യൂ കമ്മി എന്നിവയുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.<br>(തുക കോടിയിൽ)
<table>
<tr><th>വർഷം</th><th>പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം</th><th>യഥാർത്ഥ കമ്മി</th></tr>
<tr><td>2011-12</td><td>5471.66</td><td>8034.26</td></tr>
<tr><td>2012-13</td><td>3406.44</td><td>9351.44</td></tr>
<tr><td>2013-14</td><td>6208.35</td><td>11308.56</td></tr>
</table>
</td>
</tr>
<tr>
<td>(ബി)</td>
<td>2014-15 സാമ്പത്തിക വർഷം സർക്കാർ പ്രതീക്ഷിച്ചിരുന്ന റവന്യൂ കമ്മി എത്രയെന്നും ഇതുമായി ബന്ധപ്പെട്ട് ഏറ്റവും ഒടുവിൽ കണക്കു ലഭിച്ച മാസം വരെയുള്ള റവന്യൂകമ്മി എത്രയെന്നും പ്രതീക്ഷിക്കുന്ന റവന്യൂ കമ്മി എത്രയാണെന്നും വ്യക്തമാക്കുമോ ?</td>
<td>ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2014-15 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന റവന്യൂ കമ്മി 7131.69 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പു വർഷം ഒക്ടോബർ മാസം അവസാനിക്കുമ്പോഴുള്ള റവന്യൂ കമ്മി 6349.09 കോടി രൂപയാണ്. നടപ്പു സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ.</td>
</tr>
</table>

സെക്ഷൻ ഓഫീസർ